# ക്യാൻസർ പെൻഷൻ

## കേരള സർക്കാരിൻറെ ക്യാൻസർ പെൻഷന് അപേക്ഷ സമർപ്പിക്കാനുള്ള നടപടിക്രമങ്ങൾ

ക്യാൻസർ രോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി ഒരു ക്ഷേമപദ്ധതി (പെൻഷൻ സ്കീം) നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത സഹായം ലഭിക്കുന്നതിനുള്ള അർഹത, അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടുന്ന രേഖകൾ, ഓൺലൈനിലൂടെ അപേക്ഷ സമർപ്പികാനുള്ള നടപടിക്രമങ്ങൾ എന്നിവ ഉൾപ്പടെത്തിയിട്ടുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**എവിടെ/എങ്ങനെ അപേക്ഷ സമർപ്പിക്കാം?**

ക്യാൻസർ പെൻഷൻ അപേക്ഷിക്കാം:

- ഏതെങ്കിലും അക്ഷയ സെന്ററിലൂടെ
- ഓൺലൈനിലൂടെ: https://landrevenue.kerala.gov.in

**അർഹത**

അപേക്ഷകർ:

- കേരള സംസ്ഥാനവാസിയായിരിക്കണം
- വാർഷിക വരുമാനം ₹2,00,000 (രണ്ടുലക്ഷം) രൂപയിൽ താഴെയായിരിക്കണം
- അപേക്ഷകന് പ്രായപൂർത്തിയായിട്ടില്ലെങ്കിലോ, അഥവാ മാനസിക വെല്ലുവിളി നേരിടുന്നയാളാണെങ്കിലോ, അവരുടെ മാതാപിതാവിനോ അവരുടെ അഭാവത്തിൽ നിയമപരമായ രക്ഷിതാവിനോ അവരുടെ പേരിൽ സ്ഥിരമേൽവിലാസം നല്കി, അപേക്ഷ സമർപ്പിക്കാം.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

- കഴിഞ്ഞ 6 മാസത്തിനുള്ളിൽ അപേക്ഷകനെ ചികിത്സിക്കുന്ന ഡോക്ടർ നല്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്
- റേഷൻ കാർഡ് (അപേക്ഷകന്റെ പേര് രേഖപ്പെടുത്തിയ പേജ്)
- ആധാർ കാർഡ്
- ബാങ്ക് പാസ്ബുക്ക് (പേരും അക്കൌണ്ട് വിവരങ്ങളും രേഖപ്പെടുത്തിയ ആദ്യ പേജ്)
- ബന്ധപ്പെട്ട വില്ലേജ് ഓഫീസില നിന്ന് ലഭിച്ച വരുമാന സർട്ടിഫിക്കറ്റ്

Aisha Memorial Hospital Building, Paruthikuzhy, Manacaud PO, Trivandrum – 695009, Kerala
Tel: +91 9746745497 I info@palliumindia.org I www.palliumindia.org

Citizen Service Platform-ൽ താഴെ പറയും വിധം റജിസ്റ്റർ ചെയ്യുക

1. അതിനായി https://landrevenue.kerala.gov.in സന്ദർശിക്കുക
2. "Pensions" എന്ന വിഭാഗത്തിൽ ക്ലിക്ക് ചെയ്യുക
3. "Citizen Service Platform" തുറന്നു വരും
4. നേരത്തെ അക്കൌണ്ട് ഉണ്ടെങ്കിൽ, മൊബൈൽ നമ്പർ ഉപയോഗിച്ച് ലോഗ് ഇൻ ചെയ്ത് SMS-ൽ ലഭിക്കുന്ന OTP നൽകി പ്രവേശിക്കുക
5. അക്കൌണ്ട് ഇല്ലെങ്കിൽ അഥവാ പുതിയ ഉപയോക്താവാണെങ്കിൽ "Create an Account" തെരഞ്ഞെടുക്കുക, അതിനുശേഷം:
    - നിങ്ങളുടെ പേര്, മൊബൈൽ നമ്പർ എന്നിവ രേഖപ്പെടുത്തുക
    - SMS-ൽ ലഭിക്കുന്ന 6-ഡിജിറ്റ് വേരിഫിക്കേഷൻ കോഡ് രേഖപ്പെടുത്തുക
    - മറ്റ് വ്യക്തിഗത വിവരങ്ങൾ പൂരിപ്പിക്കുക
6. "Submit" ക്ലിക്ക് ചെയ്യുക

**സ്വയം ഓൺലൈനിലൂടെ അപേക്ഷ സമർപ്പിക്കാനുള്ള നടപടിക്രമം**

1. https://landrevenue.kerala.gov.in -ൽ ലോഗിൻ / റജിസ്റ്റർ ചെയ്യുക
2. "Pensions" വിഭാഗത്തിൽ പ്രവേശിക്കുക
3. "ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ പദ്ധതി" എന്നതിനോട് ചേർന്നുള്ള "Apply Now" ക്ലിക്ക് ചെയ്യുക
4. ആവശ്യമായ വ്യക്തിഗത വിവരങ്ങൾ, ബാങ്ക് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുക
5. ആവശ്യമായ പിന്തുണ രേഖകൾ സമർപ്പിക്കുക
6. അപേക്ഷ സമർപ്പിക്കുക

**അപേക്ഷയുടെ പരിശോധനയും അനുമതിയും**

- വില്ലേജ് ഓഫീസ് അല്ലെങ്കിൽ താലൂക്ക് ഓഫീസ് അധികൃതർ അപേക്ഷയുടെ വിശദാംശങ്ങൾ പരിശോധിക്കും
- ആവശ്യമുള്ളപക്ഷം അപേക്ഷയിൽ പറഞ്ഞിട്ടുള്ള വിവരങ്ങളുടെ വസ്തുതകൾ വീട്ടിൽ വന്നു പരിശോധിക്കും.

- ബന്ധപ്പെട്ട അധികൃതർ അപേക്ഷ അംഗീകരിച്ചാൽ, പെൻഷൻ അനുവദിക്കുകയും പെൻഷൻ തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ഒടുക്കും.

**പെൻഷൻ തുക**

- നിലവിൽ പ്രതിമാസ പെൻഷൻ ₹1,400 ആണ് (സർക്കാർ നിബന്ധനകൾക്ക് വിധേയം ആയി തുകയിൽ മാറ്റം വരാമെന്നതാണ്)

- പെൻഷൻ അനുവദിക്കുന്നതിന് അധികൃതർ എടുക്കുന്ന കാലാവധി സാധാരണയായി 15 ദിവസം മുതൽ 2 മാസം വരെ ആണ്

**കുറിപ്പ്: ആവശ്യമെങ്കിൽ, അപേക്ഷയുടെ ആദ്യ അംഗീകാരം ലഭിച്ച തീയതി മുതൽ ഒരു വർഷം കഴിഞ്ഞ്, മേൽ വിവരിച്ച നടപടിക്രമങ്ങൾ ആവർത്തിച്ച് പെൻഷനു വേണ്ടിയുള്ള അപേക്ഷ പുതുക്കേണ്ടതാണ്.**